# 10

# ലോകത്തിലെ മഹത്തരമായ ജോലി

## (മംഗോളിയ - എൻക്മാൻദാക്ക്)

കമ്മ്യൂണിസ്റ്റ് രാജ്യമായിരുന്ന മംഗോളിയയിൽ സെവന്ത്ഡേ അഡ്വന്റിസ്റ്റു സഭ വളരെ ചെറുപ്പമാണ്. മൂന്ന് കോടി ജനങ്ങൾ ഉള്ള രാജ്യത്ത് 1991 ലാണ് ഒരു അഡ്വന്റിസ്റ്റ് കുടുംബം മംഗോളിയയിൽ എത്തുന്നത്. നിലവിൽ 2177 വിശ്വാസികളാണ് അവിടെ സഭയ്ക്കുള്ളത്. പലരും വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ഭവനങ്ങളിൽനിന്നും പുറത്താക്കപ്പെട്ടവരാണ്. അപ്രകാരമുള്ള മാൻദക്ക് എന്ന ചെറുപ്പക്കാരന്റെ കഥയാണ് ഇവിടെ നല്കുന്നത്.

ഞാൻ മനുഷ്യരെ വിധിക്കുന്ന ഒരു കഠിനഹൃദയൻ ആയിരുന്നു. ആരെങ്കിലും തെറ്റ് ചെയ്താൽ ആ തെറ്റ് എന്താണെന്ന് ഞാൻ അവരെ ബോധ്യപ്പെടുത്തും. അവർ ശിക്ഷിക്കപ്പെടണമായിരുന്നു. ദൈവം നമ്മെ ഇപ്രകാരം ശിക്ഷിക്കാൻ താത്പര്യമുള്ളവൻ ആണ് എന്നു ഞാൻ വിശ്വസിച്ചു.

ഞാൻ അസന്തുഷ്ടനായി ജീവിച്ചതിന്റെ ഫലമായി ദൈവത്തിൽ വിശ്വസിച്ചിട്ടു കാര്യമില്ലെന്നു കരുതി. എന്റെ ജീവിതത്തിൽ തകർന്നതായ എന്തോ ഉണ്ടായിരുന്നു. ഞാൻ പള്ളിയിൽ പോകുന്നത് മതിയാക്കി. ശബ്ബത്ത് അനുഷ്ഠിക്കുന്നതും മതിയാക്കി. ദശാംശം നല്കാതെയായി.

എന്റെ ഭാര്യ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. എന്റെ ഉള്ളിൽ മനുഷ്യനെ ശിക്ഷിക്കുന്ന ഒരു ദൈവത്തെയാണ് ഞാൻ പ്രതിഷ്ഠിച്ചിരുന്നത്. ഏഴു വർഷം ദൈവം എന്നെ അനുഗ്രഹിച്ചു. ഇനി എന്നെ ശിക്ഷിക്കും എന്ന ചിന്ത എന്നെ ഭയപ്പെടുത്തി. ഒരു വർഷം കഴിഞ്ഞു. ദൈവം എന്നെ ശിക്ഷിച്ചില്ല. പകരം എന്നെ ദൈവം കൂടുതലായി അനുഗ്രഹിച്ചു. നല്ല വരുമാനമുള്ള ഒരു മംഗോളിയൻ ടെലിവിഷൻ ചാനലിൽ എനിക്കു ജോലി ലഭിച്ചു.

ഇത് എന്നെ കുലുക്കി. എന്റെ ചിന്തകൾ ദൈവത്തിലേക്ക് തിരിഞ്ഞു. ധനം സമ്പാദിച്ച് ചിലവഴിച്ച് ജീവിക്കുന്ന ജീവിതത്തിൽ എന്ത് അർത്ഥമാണുള്ളത് എന്നു ഞാൻ ചിന്തിച്ചു.

ഞാൻ ഒരു മിഷണറി ആകാൻ തീരുമാനിച്ചു. ഞാൻ പള്ളിയിൽ പോയി അതിനായി പ്രാർത്ഥിച്ചു.

ചില മാസങ്ങൾക്കുശേഷം അഡ്വന്റിസ്റ്റ് നേതാക്കൾ എന്നെ മംഗോളിയയിലെ വേലയ്ക്കു നേതൃത്വം നല്കുന്ന വേല ഏല്പിച്ചു. മരിച്ചുകൊണ്ടിരിക്കുന്ന ഒരു സഭയെ ശുശ്രൂഷിക്കുകയും സമീപത്തുള്ള സ്കൂളിൽ പഠിപ്പിക്കയും വേണമായി

രുന്നു. എന്റെ ഭാര്യ ശബ്ബത്ത് സ്കൂൾ കൈകാര്യം ചെയ്യുകയും കുട്ടികളെ ചൈന ഭാഷ പഠിപ്പിക്കുകയും ചെയ്യണം. അങ്ങനെ പ്രാർത്ഥനയോടെ ടെലിവിഷൻ ചാന ലിലുള്ള എന്റെ ജോലി ഉപേക്ഷിച്ചു. സഭയെ ശുശ്രൂഷിക്കുന്നതിനായി ഞാനും ഭാര്യയും മുന്നോട്ടുവന്നു.

ഞാൻ ഒരു സുവിശേഷവേലക്കാരൻ ആയിട്ട് ഇപ്പോൾ ആറ് മാസമേ ആയി ട്ടുള്ളൂ. പക്ഷേ പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷം എന്നിൽ ഉണ്ട്. അതിലു പരി ഹൃദയങ്ങളെ മാറ്റുന്ന ദൈവസ്നേഹം ഞാൻ ഇപ്പോൾ അനുഭവിക്കുന്നു.

ആദ്യ ശബ്ബത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങൾ കൊണ്ട് പള്ളിയിൽ വരാത്ത ഒരു വ്യക്തി വന്നു. എനിക്ക് അദ്ദേഹത്തേയും അദ്ദേഹത്തിന് എന്നെയും അറിയി ല്ലായിരുന്നു. പിറ്റെ ആഴ്ചയിലും വരാൻ ഞാൻ അദ്ദേഹത്തെ പ്രാത്സാഹിച്ചു. ആ ക്ഷണം അദ്ദേഹത്തിന് ഇഷ്ടപ്പെട്ടതായി എനിക്കു തോന്നിയില്ല. എന്നാൽ ആഴ്ച യുടെ മദ്ധ്യത്തിൽ എന്നെ അദ്ദേഹം വിളിച്ച് സംസാരിക്കണമെന്ന് ആവശ്യപ്പെട്ടു. ഞാൻ അദ്ദേഹത്തിന്റെ ജോലിസ്ഥലത്ത് പോയപ്പോൾ താൻ തന്റെ ഭാര്യയെ ചതിച്ചതിനെക്കുറിച്ച് പറഞ്ഞു. ഭാര്യ അതു കണ്ടുപിടിച്ചു. ഇപ്പോൾ വിവാഹ മോചനം ആവശ്യപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു.

“നിനക്ക് എന്ത് ചെയ്യാനാണിഷ്ടം” ഞാൻ ചോദിച്ചു. ഇനിമുതൽ ഭാര്യയോട് വിശ്വസ്തത കാണിക്കാം എന്നു പറഞ്ഞു.

ഞങ്ങൾ ഒരുമിച്ച് പ്രാർത്ഥിച്ച് പിരിഞ്ഞു. ഒരാഴ്ചയ്ക്കു ശേഷം അദ്ദേഹം എന്നോട് “ഞാൻ മറ്റു സ്ത്രീയുമായുള്ള ബന്ധം അവസാനിപ്പിച്ച് ക്രിസ്തുവിനോട് ചേർന്നിരിക്കുന്നു എന്നു പറഞ്ഞു. ഈ സത്യം താൻ ഭാര്യയോട് പറയുകയും ഭാര്യ അവനോട് ക്ഷമിക്കുകയും ചെയ്തു.

ഇപ്പോൾ ആ മനുഷ്യൻ സ്ഥിരമായി പള്ളിയിൽ വരുന്നു. മറ്റൊരു അത്ഭുതം നടന്നു. ഏകദേശം 4000 രൂപ പെൻഷൻ കിട്ടുന്ന ഒരു അംഗവൈകല്യമുള്ള വ്യക്തി യോട് ഞാൻ പറഞ്ഞു: “നിന്റെ ദശാംശം ദൈവത്തിന് നല്കിയാൽ ദൈവം അത്ഭുതം പ്രവർത്തിക്കും.” പക്ഷേ ആ മനുഷ്യൻ നിരസിച്ചു.

ചില നാളുകൾക്കു ശേഷം ആ മനുഷ്യൻ ഫോണിൽ വിളിച്ചു തന്റെ ജീവി തത്തെ കുറിച്ച് സംസാരിച്ചു. പിറ്റേ ആഴ്ച പള്ളിയിൽ വന്ന് ആദ്യമായിട്ട് ദശാംശം നല്കി. അതിനു ചില ദിവങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം എന്നെവിളിച്ച് ഒരു സന്തോ ഷവാർത്ത അറിയിച്ചു. “ഗവൺമെന്റ് എന്റെ പെൻഷൻ 50 % വർദ്ധിപ്പിച്ചിരിക്കുന്നു.

ഇത് കേട്ടപ്പോൾ എനിക്കു വളരെ സന്തോഷമായി. ദൈവം മനുഷ്യരെ മാറ്റു ന്നതു നേരിൽ കാണുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷം എന്നിൽ തളം കെട്ടുന്നു. ഒരു മിഷണറി ആയതിൽ ഞാൻ വളരെ സന്തോഷിക്കുന്നു.

◈ ◈ ◈